പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1842 01.11.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി-യിൽ ഷെഡ്യൂൾ റദ്ദാക്കൽ

**ചോദ്യം**

ശ്രീ.മുല്ലക്കര രത്നാകരൻ

**മറുപടി**

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഡ്രൈവർമാരുടെ കുറവുമൂലം കെ.എസ്.ആർ.ടി.സി-യ്ക്ക് പ്രതിദിനം ശരാശരി എത്ര ഷെഡ്യൂളുകൾ റദ്ദാക്കേണ്ടി വരുന്നു എന്ന് വ്യക്തമാക്കാമോ; | (എ) | ഡ്രൈവർ വിഭാഗം ജീവനക്കാരുടെ കുറവ് മൂലം കെ.എസ്.ആർ.ടി.സി ശരാശരി 355 ഷെഡ്യൂളുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. എന്നാൽ യാത്രക്കാർ വളരെയധികം കുറവുള്ളതും, താരതമ്യേന വരുമാന കുറവുള്ളതുമായ ഷെഡ്യൂളുകളും ട്രിപ്പുകളുമാണ് ഇത്തരത്തിൽ റദ്ദ് ചെയ്തിട്ടുള്ളത്. |
| (ബി) | ഇതിൻ പ്രകാരം ഉണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഈ പ്രശ്നം പരിഹരിക്കുന്നതിന് വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | (ബി) | ശരാശരി പ്രതിദിന വരുമാനത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ കെ.എസ്.ആർ.ടി.സി ഡിപ്പോകളിൽ ഡ്രൈവർ വിഭാഗം ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിലേയ്ക്കായി ടി വിഭാഗം ജീവനക്കാർ കൂടുതലുള്ള യൂണിറ്റുകളിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മറ്റ് യൂണിറ്റുകളിൽ വിന്യസിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**